**പതിനാലാം കേരള നിയമസഭ**

**പതിനാലാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ **1411** 04-02-2019 -ൽ മറുപടിക്ക്

## പ്രളയം മൂലം ഭവനരഹിതരായവർക്ക് സഹായം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.മഞ്ഞളാംകുഴി അലി | | **ശ്രീ.ഇ.ചന്ദ്രശേഖരൻ (റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി)** |
| എ) | പെരിന്തൽമണ്ണ നിയോജക മണ്ഡലത്തിൽ പ്രളയത്തെത്തുടർന്ന് വീട്ടുകൾ പൂർണ്ണമായും ഭാഗികമായും തകർന്നവർക്ക് നൽകിയിട്ടുള്ള സഹായങ്ങൾ എന്തൊക്കെയാണെന്നറിയിക്കാമോ; | എ) | പെരിന്തൽമണ്ണ നിയോജകമണ്ഡലത്തിൽ പ്രളയത്തെ തുടർന്ന് 15% ഭവന നാശം സംഭവിച്ച 51 പേർക്ക് സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നും 5200/- രൂപ വീതവും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും 4800/- രൂപ വീതവും അനുവദിച്ചിട്ടുണ്ട്. 16-29% ഭവന നാശം സംഭവിച്ച 40 പേർക്ക് 28500/- രൂപ വീതവും അനുവദിച്ചിട്ടുള്ളതാണ്. പൂർണ്ണ നാശം സംഭവിച്ച 19 പേർക്ക് 95100/- രൂപ വീതവും അനുവദിച്ചിട്ടുള്ളതാണ്. |
| ബി) | വീട്ടുകൾ പുനർ നിർമ്മിക്കുന്നതി നാവശ്യമായ സഹായം എത്ര പേർക്ക് നൽകാൻ കഴിഞ്ഞിട്ടുണ്ട്; എത്ര പേർക്ക് നൽകാൻ ബാക്കിയുണ്ട്; | ബി) | 110 പേർക്ക് സഹായം നൽകാൻ കഴിഞ്ഞിട്ടുണ്ട്. 91 പേർക്ക് ധനസഹായം നൽകാൻ ബാക്കിയുണ്ട്. |
| സി) | പ്രസ്തുത മണ്ഡലത്തിലെ, പ്രളയം മൂലം ഭവനരഹിതരായ ജനങ്ങൾക്ക് ഏതൊക്കെ പദ്ധതികൾ പ്രകാരമാണ് ഭവനനിർമ്മാണത്തിന് സഹായം നൽകാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ? | സി) | സംസ്ഥാന ദുരന്ത പ്രതികരണ നിധി, മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി എന്നിവയിൽ നിന്നുള്ള ഫണ്ട് വിനിയോഗിച്ചും ധനകാര്യ വകുപ്പിന്റെ സഹായത്തോടെ നടപ്പാക്കുന്ന കെയർ ഹോം പദ്ധതി പ്രകാരവുമാണ് ഭവനനിർമ്മാണത്തിന് സഹായം നൽകാൻ ഉദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ